ഖാദി വ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി

1364. [2041] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി വ്യവസായ തൊഴിലാളികൾക്കുള്ള ക്ഷേമനിധിക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ?

ഉത്തരം

(എ)&(ബി) ഖാദി തൊഴിലാളികളുടെ ക്ഷേമനിധി പദ്ധതി അംഗീകരിച്ചിട്ടുണ്ട്. പ്രാബല്യത്തിൽ വരുന്ന തീയതിയെപ്പറ്റി തീരുമാനമെടുത്തിട്ടില്ല.

കൊല്ലം ലേബർ കോടതിയുടെ അധികാരപരിധി

1365. [2043] ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ലേബർ കോടതിയുടെ അധികാരപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജില്ലകൾ ഏതെല്ലാം ;

(ബി) ഓരോ ജില്ലയിൽനിന്നും എത്ര കേസുകൾവീതം ഇന്നു ലേബർ കോടതിയിൽ വിചാരണയിലുണ്ട് ;

(സി) ആറുമാസത്തിൽ കൂടുതൽ സമയം കഴിഞ്ഞിട്ടുള്ള എത്ര കേസുകളാണ് നിലവിലുള്ളത് ;

(ഡി) ലേബർ കേസുകൾ ഇത്ര മാസത്തിനകം വിചാരണ ചെയ്തു വിധി പ്രസ്താവിക്കണമെന്നു ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ?

(ഇ) എങ്കിൽ എത്ര മാസം എന്നു വ്യക്തമാക്കുമോ ;

(എഫ്) കൊല്ലം ലേബർ കോടതിയിൽ കുറെ നാളായി ജഡ്ജി ഉണ്ടായിരുന്നോ ; ഇല്ല, എങ്കിൽ അടിയന്തിരമായി ജഡ്ജിയെ നിയമിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളാണ് കൊല്ലം ലേബർ കോടതിയുടെ അധികാരപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) തിരുവനന്തപുരം ജില്ല—68 കേസുകൾ
കൊല്ലം ജില്ല— 319 കേസുകൾ
ആലപ്പുഴ ജില്ല — 101 കേസുകൾ
പത്തനംതിട്ട ജില്ല— 23 കേസുകൾ.

(സി) 91 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചില കേസുകൾ അഡ്ജുഡിക്കേഷനു റഫർ ചെയ്യുമ്പോൾ ഗവൺമെൻറ് ഉത്തരവിൽ നിർദ്ദേശം നൽകാറുണ്ട്.

(ഇ) സാധാരണയായി മൂന്നു മാസം

(എഫ്) കൊല്ലം ലേബർ കോടതിയിൽ പ്രിസൈഡിംഗ് ഓഫീസറായിരുന്ന ശ്രീമതി സി.പി.ശാലാക്ഷിയമ്മ 31-5-1986-ൽ സർവ്വീസിൽനിന്നും പെൻഷൻ പറ്റി പിരിഞ്ഞുപോയപ്പോൾ പ്രിസൈഡിംഗ് ഓഫീസറുടെ ചുമതല കൂടെ നിർവ്വഹിക്കാൻ കൊല്ലം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ശ്രീ. സി. എൻ. ശശിധരനെ ചുമതലപ്പെടുത്തിയിരുന്നു. പുതുതായി നിയമിതനായ ശ്രീ. ഡി. വേലായുധൻ നായർ 30-10-1986-ൽ പ്രിസൈഡിംഗ് ഓഫീസറായി ചാർജ്ജ് എടുത്തിട്ടുണ്ട്.

ആലപ്പുഴ തുറമുഖം

1366. [2044] ശ്രീമതി കെ.ആർ. ഗൗരി :
ശ്രീ. കെ. മൂസ്സക്കുട്ടി :
,, കെ.പുരുഷോത്തമൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, ജെൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, എൻ. ശകുന്തൻ നാടാർ :
,, മണിമംഗലത്ത് കുട്ട്യാലി :
,, സ്റ്റീഫൻ പാദുവ :
,, എം.എം ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ തുറമുഖം പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ തുറമുഖം ഇപ്പോഴത്തെ പ്രവർത്തനക്ഷമമാണ്. ഇവിടെ ചരക്ക് കയറ്റിറക്കുമതി ചെയ്യുന്നതിനുള്ള കടൽപ്പാലത്തിന്റെ അറ്റകുറ്റപ്പണികൾ, മറ്റ് പണികൾ എന്നിവ യഥാസമയം ചെയ്തുവരുന്നു. ഈ തുറമുഖത്ത് ചരക്കുകയറ്റുമതിക്ക് എല്ലാ സൗകര്യങ്ങളും ഇപ്പോൾ നിലവിലുണ്ട്.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly